(1)	(2)	(3)	(1)
28	എക്സ്റേ അറ്റൻഡർ	2	
29	ഡ്രൈവർ	2	
30	ജെ.എച്ച്.ഐ. ഗ്രേഡ്-2	1	
31	ദന്തൽ ഹൈജീനിസ്റ്റ്	1	
32	ദന്തൽ മെക്കാനിക്ക്	1	
33	ഒപ്റ്റോമെട്രിസ്റ്റ്	2	
34	പ്ലംബർ	1	
35	ഇലക്ട്രീഷ്യൻ	1	
36	കുക്ക്	1	
37	നോൺ മെഡിക്കൽ സൂപ്പർവൈസർ	1	
38	ട്രീറ്റ്മെന്റ് ഓർഗനൈസർ	2	
39	ഇ.സി.ജി. ടെക്നീഷ്യൻ	2	

(ഡി) ജില്ലാ പഞ്ചായത്തിൽനിന്നും മെഡിക്കൽ വാർഡിന്റെ അറ്റകുറ്റ പണികൾക്ക് 50 ലക്ഷം രൂപയും ഓപ്പറേഷൻ തിയേറ്ററിന്റെ നവീകരണത്തിന് 50 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

മാവേലിക്കര ജില്ലാ ആശുപത്രിയിൽ ബ്ലഡ് ബാങ്ക്

74(763) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര ജില്ലാ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ബ്ലഡ് ബാങ്കിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

മാവേലിക്കര ജില്ലാ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് പ്രവർത്തനം ആരംഭിക്കുന്നതിനായി 2012-13 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ആവശ്യമായ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ബ്ലഡ് ബാങ്ക് പ്രവർത്തിക്കുന്നതിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളുള്ള മുറി ലഭ്യമാക്കാത്തതിനാൽ ഈ ഉപകരണങ്ങൾ സ്ഥാപിക്കാൻ സാധിച്ചിട്ടില്ല. മാവേലിക്കര ജില്ലാ ആശുപത്രിയിൽ ബ്ലഡ് ബാങ്കിന് കെട്ടിട സൗകര്യമൊരുക്കുന്നതിനായി 26 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും ടി നിർമ്മാണത്തിന് ഇതുവരെയായിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല.

മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ

75(764) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(ബി) ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്കാവശ്യമായ റിപ്പോർട്ട് ഫിനാൻസ് വകുപ്പിൽനിന്നും ആവശ്യപ്പെട്ടിട്ടും നാളിതുവരെയും നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-ഡി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് ബഹു. എം.എൽ.എ. ഫണ്ടിൽനിന്നും 60 ലക്ഷം രൂപ ചെലവിൽ കെട്ടിടനിർമ്മാണത്തിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. പ്രസ്തുത യൂണിറ്റ് ആരംഭിക്കുമ്പോൾ അധിക തസ്തിക സൃഷ്ടിക്കേണ്ടിവരും എന്നറിയിച്ചതിനാൽ നിലവിലുള്ള ജീവനക്കാരെ പുനർവിന്യാസം നടത്തി അധിക തസ്തിക സൃഷ്ടിക്കാതെ തന്നെ യൂണിറ്റ് പ്രവർത്തന സജ്ജമാക്കാമോ എന്ന് റിപ്പോർട്ട് സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly